# യൂണിറ്റ് 9: മാതൃകാപേജ്

സ്കൂൾവിക്കിയിൽ എന്തൊക്കെ ചേർക്കാമെന്നും എന്തൊക്കെ ചേർക്കരുതെന്നും കൃത്യമായ ധാരണയില്ലാതെ വിവരങ്ങൾ ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നതാണ് ഇന്ന് അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം. ഓരോ ദിവസവും നിരവധി താളുകൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇവയിൽ ശരാശരി പത്ത് ശതമാനം താളുകളെങ്കിലും മായ്ക്കപ്പെടാൻ യോഗ്യമാണ്. യാതൊരു മാനദണ്ഡവും പാലിക്കാതെ ചേർക്കപ്പെടുന്ന നൂറുകണക്കിന് ചിത്രങ്ങൾ മായ്ക്കേണ്ടിവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന ടീച്ചേഴ്സിനും സ്കൂൾവിക്കി ഹെൽപ്ഡെസ്കിനും പ്രയാസം സൃഷ്ടിക്കാൻ ഇത് കാരണമാകുന്നു.

എഡിറ്റിങ്ങ് ആരംഭിക്കുന്നതിനുമുൻപ്, സ്കൂൾവിക്കിയുടെ വിവിധ താളുകളിൽ എന്തെല്ലാം, എങ്ങനെയെല്ലാം വിവരങ്ങൾ ചേർക്കാം എന്ന് നല്ല വ്യക്തത വരേണ്ടതുണ്ട്.

ഒരു സ്കൂളിന്റെ വിക്കി താളുകളിൽ എങ്ങനെ വിവരങ്ങൾ ക്രമീകരിക്കാമെന്ന് വിശദമായി കാണിക്കുന്നതിനുള്ള മാതൃകാപേജിലെ ഓരോ കണ്ണിയും തുറന്ന് വിവരണം കാണുക. ഉപതാളുകൾ സൃഷ്ടിക്കുന്നതെങ്ങനെയെന്നും ഓരോ ഉപതാളിലും എന്തെല്ലാം വിവരങ്ങൾ ചേർക്കാമെന്നും എന്തൊക്കെ ചേർക്കരുതെന്നും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്.

**സ്കൂൾവിക്കിയുടെ പേജുകളിൽ എന്തൊക്കെ ചേർക്കാം എന്തെല്ലാം ചേർക്കരുത് എന്ന ധാരണ ലഭിക്കുന്നതിനുള്ള ഒരു മാതൃക മാത്രമാണ് നൽകിയിട്ടുള്ളത്. ഓരോ കണ്ണിയിലും വിശദീകരണമുണ്ട്. സഹായം ആവശ്യമെങ്കിൽ കാര്യനിർവ്വാഹകരെ ബന്ധപ്പെടാവുന്നതാണ്.**

- **മാതൃകാപേജ് ഇവിടെക്കാണാം**

---










